കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചാലിശ്ശേരി ഗ്രാമപഞ്ചായത്ത്

# 2016-17 വർഷത്തെ

# ഓഡിറ്റ് റിപ്പോർട്ട്

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, പാലക്കാട്

email-dopkd.ksad@kerala.gov.in

നം.കെ.എസ്.എ-പികെഡി20/1226/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, പാലക്കാട്

തീയതി- 11.08.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

ചാലിശ്ശേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചാലിശ്ശേരി ഗ്രാമപഞ്ചായത്ത് 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചാലിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി20/1226/2017 തീയതി – 11.08.2017

പാലക്കാട് ജില്ലയിലെ ചാലിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ചാലിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 07-06-2016 മുതൽ 16-6-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ.കെ.എൻ. വാസുദേവൻ,

ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 17-06-2017 മുതൽ 23-06-2017 വരെ

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.ആർ.പ്രകാശ് ബാബു | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.വി.ഉണ്ണികൃഷ്ണൻ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.കെ.പി.മുഹമ്മദ് ഫാറൂക്ക് | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എ.ബി.സുരേഷ് | അസി.ഓഡിറ്റ് ഓഫീസർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ് :

| പേര് | കാലയളവ് |
|---|---|
| ശ്രീ.ടി.കെ.സുനിൽകുമാർ | 1-04-2016 മുതൽ 31-03-2017 വരെ |

സെക്രട്ടറി :

| പേര് | കാലയളവ് |
|---|---|
| ശ്രീ.കെ.ഐ.റോയ് | 1-04-2016 മുതൽ 31-03-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എഞ്ചിനീയർ | ശ്രീ.കെ.ജി.സൂര്യൻ | 1-4-16 മുതൽ 31.3.17 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ശോഭ.എ. മേനോൻ | 1-4-16 മുതൽ 31.3.17 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.പ്രിയ.എം.ടി. | 1-4-16 മുതൽ 31.3.17 വരെ |
| വി.ഇ.ഒ. | ശ്രീ.എസ്.ഷാജഹാൻ | 1-4-16 മുതൽ 16-12-16 വരെ |
| | ശ്രീ.പി.കെ. കാർത്തികേയൻ | *17-12-16 മുതൽ 31-3-17 വരെ* |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.ഇ.സുഷമ | 1-4-16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.വിജോയ് ജോസഫ് | 1-4-16 മുതൽ 1.7.16 വരെ |
| | ഡോ.പി.ജി.ബിജ്ജ | 2-7-16 മുതൽ 31-3-17 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ശ്രീഹരി മേനോൻ | 1-4-16 മുതൽ 31.3.17 വരെ |
| വെറ്ററിനറി സർജൻ | ഡോ.സ്പെൻസർ ഫ്രാൻസിസ് | 1-4-16 മുതൽ 27-9-16 വരെ |
| | ഡോ.എം.ബി.രാജേഷ് | *28-9-16 മുതൽ 31-3-17 വരെ* |
| ഹെഡ്മ് മാസ്റ്റർ (GLPS ചാലിശ്ശേരി) | ശ്രീ.ജോർജ് ടി.സി | 1-4-16 മുതൽ 31.3.17 വരെ |
| അസി.സെക്രട്ടറി | ശ്രീ.കെ.രാധാ കൃഷ്ണൻ | 1-4-16 മുതൽ 31-6-16 വരെ |
| | ശ്രീ.സുരേഷ് കുമാർ.സി.പി | 1-7-16 മുതൽ 31.12.16 വരെ |
| | ശ്രീ.പി.ശ്രീജിത്ത് | 1-1-17 മുതൽ 31-3-17 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഓഡിറ്റ് കാലയളവിൽ ബജറ്റ് തയ്യാറാക്കിയതിന്റെയും അംഗീകരിച്ചതിന്റെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | അംഗീകരിച്ച തിയ്യതി/തീരുമാനം | സപ്ലിമെന്ററി ബജറ്റ് പാസ്സാക്കിയതിന്റെ വിശദാംശം |
|---|---|---|
| 2016-17 | 1/2-3-2016 | ഇല്ല |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-7-2017 | 15-06-2017 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 22-06-2017 | അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2016-17 | 12752264 | 41321100 | 54073364 | 37918951 | 16154413 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 0 | 8348917 | 8348917 | 8348917 | 0 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 5264309 | 5264309 | 5264309 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 721715 | 721715 | 721715 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 1821592 | 1821592 | 1821592 | 0 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 1734699 | 1734699 | 1734699 | 0 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1955727 | 1955727 | 1955727 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 7937690 | 8972967* | 16910657 | 8830667 | 8079990 |
| MGNREGS | 0 | 19120106 | 19120106 | 19120106 | 0 |
| ബി ഫണ്ട് | 0 | 33323089 | 33323089 | 33323089 | 0 |

*ലഹരി വിമുക്തി ഗ്രാന്റ് 25000,ICDS Central share 785823, വാട്ടർ ചാർജ് റിക്കപ്പ് 755000 എന്നിവ ഉൾപ്പടെ

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 121 | 46088582 | 66 | 22443130 | 0 | 55 | 54.5 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഒന്നുമില്ല

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 3133199 | 4414776 | 1281577 | (+) 40.90 |
| നികുതിയേതര വരവുകൾ | 2155808 | 3702058 | 1546250 | (+) 71.72 |
| മറ്റുവരവുകൾ | 23818203 | 33204266 | 9386063 | (+) 39.40 |
| ആകെ | 29107210 | 41321100 | 12213890 | (+) 41.96 |

# 1-8 ക്ഷേമപദ്ധതികൾ

ഓഡിററ് കാലയളവിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2016-17 | |
|---|---|---|
| | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
| തൊഴിൽരഹിത വേതനം | 47 | 80760 |
| കർഷകതൊഴിലാളി പെൻഷൻ | 291 | 2897590 |
| വിധവാപെൻഷൻ | 864 | 90004110 |
| വാർദ്ധക്യകാലപെൻഷൻ | 1224 | 15937050 |
| വികലാംഗപെൻഷൻ | 211 | 2189240 |
| അവിവാഹിത പെൻഷൻ | 70 | 768190 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-06-2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6017/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

ഡെപ്പോസിറ്റ് രജിസ്റ്റർ: ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ട്. വിവിധ ഡെപ്പോസിറ്റുകളുടെ വർഷം തിരിച്ച കണക്കുകൾ രേഖപ്പെടുത്തിയിട്ടില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിൽ മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ: ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

എം.ഒ.പി. പാലിക്കുന്നില്ല: പഞ്ചായത്ത് ഡയറക്ടറുടെ 18.01.07-ലെ എച്ച്1/13880/06 നമ്പർ സർക്കുലറിലെ നിർദ്ദേശാനുസരണം ഗ്രാമപഞ്ചായത്ത് ജീവനക്കാർ എം.ഒ.പി. പ്രകാരം പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും ഇക്കാര്യം ഹെഡ് ക്ലാർക്ക്/സൂപ്രണ്ട് ഉറപ്പാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഫയലുകളിൽ കുറിപ്പ് എഴുതേണ്ടത് നിർബന്ധമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഫയലുകളിൽ ഒന്നും തന്നെ ഓഫീസ് നോട്ട് എഴുതുന്നില്ല. ഇക്കാര്യത്തിൽ അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

പ്രൊക്യൂർമെന്റ് കമ്മിറ്റി

സോഷ്യൽ മോണിറ്ററിംങ് കമ്മിററി രൂപീകരിച്ചിട്ടില്ല. രജിസ്റ്ററിൽ വിശദാംശങ്ങൾ പൂർണ്ണമായും ചേർത്തിട്ടില്ല.

അസാധാരണ ചെലവുകൾ: പഞ്ചായത്ത് ഫണ്ടിൽനിന്നുള്ള അസാധാരണ ചെലവുകൾ 2011-ലെ കേരളാ പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ നിബന്ധനകൾ പ്രകാരമല്ല നടത്തുന്നത്. കൂടാതെ ചട്ടം 5 അനുസരിച്ചുള്ള അസാധാരണ ചെലവ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ഫ്രണ്ട് ഓഫീസ് സംവിധാനം: ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിൽ പൊതുജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

# 1-11 ദുരിതാശ്വാസ നിധി

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനയോഗവും) ചട്ടങ്ങളിലെ, ചട്ടം 3 പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിതനിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും, സെക്രട്ടറിയുടെയും പേരിൽ ഒരു ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ട്. ഈ ഇനത്തിൽ തൻവർഷം 1073/- രൂപ (ചാലിശ്ശേരി സർവ്വീസ് കോ.ഓപ്പറേറ്റീവ് ബാങ്ക് A/c No.4843) വരവുണ്ട്. മുന്നിരിപ്പ് ഉൾപ്പടെ ആകെ 24067 രൂപ വരവുള്ളതിൽ 4000 രൂപ മാത്രമേ തൻവർഷം ചെലവുള്ളൂ. ദുരിതാശ്വാസനിധി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 1-12 തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്

57473 രൂപയാണ് ഈ ഇനത്തിൽ പ്രതിമാസം ചെലവു വരുന്നത്. സംയുക്ത പരിശോധന

നടത്തി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണവും, തരവും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും, പ്രകാശിക്കുന്ന വിളക്കുകൾക്കു മാത്രമാണ് താരിഫ് ഒടുക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. സ്ട്രീറ്റ് മെയിൻ ഇല്ലാത്ത സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിച്ച് തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് നടപടി കൾ സ്വീകരിക്കേണ്ടതാണ്.

## 1-13 പൊതു ടാപ്പുകളുടെ വെള്ളക്കരം

വാട്ടർ അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള 223 പൊതുടാപ്പുകൾക്ക് പ്രതിമാസം 97563/-രൂപ അടവാക്കി വരുന്നു. വാട്ടർ അതോറിറ്റിയുമായിച്ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ നിജസ്ഥിതിയനുസരിച്ച് തുക അടവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 കുടിവെള്ള പദ്ധതികളുടെ പരിപാലനം

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃസമിതികളെ ഏല്പിച്ചിട്ടുണ്ട്.

## 1-15 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 6-6-2017 | 5/2017 | ലഭിച്ചിട്ടില്ല | -- |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18-7-2006 | 2004-05 to 2008-09 | 12-06-2009 | ഇല്ല |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവർ- വസ്തു നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വിവിധ കമ്പനികളുടെ രണ്ട് മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമനം. | വാർഡ് / കെട്ടിട നം. | ടവർ നടത്തുന്ന ഏജൻസിയുടെ പേര്, വിലാസം | ബിൽഡിംഗ് പെർമിറ്റ് നം. | ഈടാക്കിയ പെർമിറ്റ് ഫീ | 2016-17 ൽ ഈടാക്കിയ വസ്തു നികുതി<br>ഡിമാന്റ്/ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | കളക്ഷൻ |
| 1 | 10/399എ | ഇൻഡസ് ടവർ ലിമിറ്റഡ് | 152/08 തീയതി 04.11.2008 | 10184 | 13-14 മുതൽ ഈടാക്കാൻ അവശേഷിക്കുന്നു |
| 2 | 10 | ബി.എസ്.എൻ.എൽ | 81/94724/ 2.7.2008 | 11056 | 12-13മുതൽ ഈടാക്കാൻ അവശേഷിക്കുന്നു |

മൊബൈൽ ടവറുകളുടെ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ വസ്തുനികുതി ഈടാക്കിയതിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. GO(Rt)2640/12/LSGD തിയതി 19-9-2012 പ്രകാരം ബി.എസ്.എൻ.എൽ. മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ബി.എസ്.എൻ.എൽ. മൊബൈൽ ടവറുകളിൽ നിന്നും 2016-17 വർഷം കുടിശ്ശികയടക്കം വസ്തുനികുതി ഈടാക്കുകയോ, ആയതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

സർക്കാർ ഉത്തരവ് (അ) 19/2011/തസ്വഭവ തിയതി.14.1.2011 പ്രകാരം ചതുരശ്ര മീറ്ററിന് 400 മുതൽ 500 രൂപ വരെ മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി നിശ്ചയിച്ച് ഈടാക്കാവുന്നതാണ്. എന്നാൽ മേൽ മൊബൈൽ ടവറുകളുടെ വസ്തുനികുതി നാളിതുവരെയും ഈടാക്കിയിട്ടില്ലാത്തതിനാൽ വസ്തുനികുതി ഇനത്തിൽ പ്രതിവർഷം വൻ തുക പഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നുണ്ട്.

മേൽ മൊബൈൽ ടവറുകളിൽ 2011-12 വർഷം മുതലുള്ള പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി കുടിശ്ശികയടക്കം അടിയന്തിരമായി ഡിമാന്റ് ചെയ്ത് ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിനു ലഭിക്കേണ്ട ഏതൊരു നികുതിയും ഡിമാന്റ് ചെയ്യാത്തിടത്തോളം മൂന്നു വർഷത്തിനു ശേഷം ഈടാക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ ആയതിൻമേലുണ്ടാകുന്ന നഷ്ടം സെക്രട്ടറിയുടെ ബാധ്യതയായിത്തീരുന്നതാണ്.

## 2-2 റോയൽ ഡെന്റൽ കോളേജ്- പാരാ മെഡിക്കൽ രജിസിട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്തിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 269, 269 A,B,C,D, 270 ,271, 1997-ലെ കേരളാ പഞ്ചായത്ത് രാജ് ( സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാ- മെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ചട്ടങ്ങൾ - 3,4,5,6,7,8 എന്നിവ പ്രകാരം സ്വകാര്യ ആശുപത്രികളും, പാരാ മെഡിക്കൽ സ്ഥാപനങ്ങളും തദ്ദേശ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കാൻ പാടുള്ളതല്ല. എന്നാൽ ചാലിശ്ശേരി ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റോയൽ ഡെന്റൽ കോളജ്, മേൽ പറഞ്ഞ നിയമവും ചട്ടങ്ങളും അനുശാസിക്കും വിധം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നില്ലെന്ന് കാണുന്നു. ഇത്തരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപത്തിന്മേൽ 5000 രൂപ വരെ ആകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും 500 രൂപ വരെയാകാവുന്ന അധിക പിഴ ശിക്ഷയും നൽകി

ശിക്ഷിക്കപ്പെടേണ്ടതാണെന്ന വ്യവസ്ഥയും പാലിക്കപ്പെട്ടതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് 23.6.17 ന് നൽകിയ 9-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന്, സ്ഥാപനത്തിന് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. ആയതിനാൽ ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം തെളിവു സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 പരസ്യ നികുതി ഈടാക്കാത്തത് സംബന്ധിച്ച്

പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിച്ചിട്ടുള്ള പരസ്യങ്ങളിന്മേൽ നികുതി പിരിക്കുന്നതിനു കേരളാ പഞ്ചായത്ത് രാജ് നിയമം 209- വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. പരസ്യ നികുതി പിരിക്കാനുള്ള അവകാശം ലേലം ചെയ്തു നൽകാവുന്നതാണെന്ന് വകുപ്പ് 209 (ഡി) യിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് നാളിതുവരെ പരസ്യനികുതി പിരിക്കുന്നതിനു നടപടി സ്വീകരിച്ചു തുടങ്ങിയിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ 18-05-2005 ലെ ഉത്തരവ് നമ്പർ സി5-15253/04 പ്രകാരം പരസ്യ നികുതി ഈടാക്കുന്നതിന് സമഗ്രമായ ഒരു ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതി ഇതിനുള്ള നടപടി കൈകൊള്ളേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രവൃത്തി നിർവ്വഹണത്തിനായി സെലക്ഷൻ നോട്ടീസ് ലഭിച്ചശേഷം എഗ്രിമെന്റ് ചമക്കാൻ കാലതാമസം വന്നതിന് പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്തു വകുപ്പ് മാന്വൽ ജി.ഒ (പി) 13/2012/PWD/1.2.2012 സെക്ഷൻ 2009.6. അനുസരിച്ച് ടെന്റർ സ്വീകരിച്ചതിനുശേഷം 7 ദിവസത്തിനകം ടെന്റർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകണം. ഈ തീയതി സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുകയും അന്നുമുതൽ 14 ദിവസത്തിനകം അതായത് ഭരണസമിതി ടെന്റർ അംഗീകരിച്ചതിനുശേഷം 21 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ PAC യുടെ 1% തുക(മിനിമം 1000 രൂപ) പിഴയായി കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തിക്കുവേണ്ടി കരാറുടമ്പടി വെക്കാൻ കാലതാമസം വന്നതിന് നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം (നം. 8/22.6.17)-ത്തിനു മറുപടിയായി ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് തുക ഈടാക്കുന്നതാണെന്ന് അസി. എഞ്ചിനീയർ അറിയിച്ചു.

1. പ്രവൃത്തിയുടെ പേര് : കുന്നത്തേരി മുൻവശം റോഡ് റിടാറിംങ്

പ്രൊജക്റ്റ് നം : 86/17(പ്ലാൻ-SCP)

അടങ്കൽ :327000/-

പി.എ.സി :326639/-

ചെലവ് : 69063/-

ബിൽ നം : 13/ 29.03.2017

കരാറുകാരൻ : കെ.വി.അജിത്കുമാർ

സെലക്ഷൻ നോട്ടീസ് നൽകിയ തീയതി :രേഖപ്പെടുത്തിയിട്ടില്ല

ടെന്റർ ഭരണസമിതി അംഗീകരിച്ച തീയതി 28.12.2016 ലെ 1(2) നം. തീരുമാനം

എഗ്രിമെന്റ് വെക്കേണ്ട സമയപരിധി : 18.1.2017

എഗ്രിമെന്റ് വെച്ച തീയതി :8.2.17

ഈടാക്കേണ്ട പിഴ : 326639 x 1%= 3266 രൂപ

ഈടാക്കിയ പിഴ : 0

ബാക്കി : 3266 രൂപ

2. പ്രവൃത്തിയുടെ പേര് : വൈശാലി റോഡ് കോൺക്രീറ്റിംങ്

പ്രൊജക്റ്റ് നം : 98/17

അടങ്കൽ :313000/-

പി.എ.സി :297735/-

ചെലവ് :172784/-

ബിൽ നം : 15/30.3.17

കരാറുകാരൻ : കെ.ബാലൻ

സെലക്ഷൻ നോട്ടീസ് നൽകിയ തീയതി :രേഖപ്പെടുത്തിയിട്ടില്ല

ടെന്റർ ഭരണസമിതി അംഗീകരിച്ച തീയതി- 28.12.2016 ലെ 1(2) നം. തീരുമാനം

എഗ്രിമെന്റ് വെക്കേണ്ട സമയപരിധി : 18.1.2017

എഗ്രിമെന്റ് വെച്ച തീയതി :2.3.17

ഈടാക്കേണ്ട പിഴ : 297735 x 1%= 2977 രൂപ

ഈടാക്കിയ പിഴ : 0

ബാക്കി-2977 രൂപ

3. പ്രവൃത്തിയുടെ പേര് : ഷോപ്പിംങ് കോംപ്ലക്സ് റിപ്പയർ

പ്രൊജക്റ്റ് നം :125 /17

അടങ്കൽ :150000/ -

പി.എ.സി: 120717/-

ചെലവ് : 74127/-

ചെക്ക് നം : 0306515/31-3-17

കരാറുകാരൻ : കെ.വി.അജിത്കുമാർ

സെലക്ഷൻ നോട്ടീസ് നൽകിയ തീയതി :രേഖപ്പെടുത്തിയിട്ടില്ല

ടെന്റർ ഭരണസമിതി അംഗീകരിച്ച തീയതി- 30.11.2016 ലെ 33 നം. തീരുമാനം

എഗ്രിമെന്റ് വെക്കേണ്ട സമയപരിധി : 21.12.2016

എഗ്രിമെന്റ് വെച്ച തീയതി :6-3-17

ഈടാക്കേണ്ട പിഴ :120717/- x 1%=1207 രൂപ

ഈടാക്കിയ പിഴ : 0

ബാക്കി- 1207രൂപ.

4. പ്രവൃത്തിയുടെ പേര് : സി.കെ.നഗർ റോഡ് റീടാറിംങ്

പ്രൊജക്റ്റ് നം :45 /16

അടങ്കൽ :150000/-

പി.എ.സി: 149630/-

ചെലവ് : 149630/-

ബിൽ നം : 1/29-9-16

കരാറുകാരൻ : പി.വി.മമ്മു

സെലക്ഷൻ നോട്ടീസ് നൽകിയ തീയതി :രേഖപ്പെടുത്തിയിട്ടില്ല

ടെന്റർ ഭരണസമിതി അംഗീകരിച്ച തീയതി- 26.4.2016 ലെ 1(2) നം. തീരുമാനം

എഗ്രിമെന്റ് വെക്കേണ്ട സമയപരിധി : 17.5.2016

എഗ്രിമെന്റ് വെച്ച തീയതി :6-3-17

ഈടാക്കേണ്ട പിഴ :149630/- x 1%=1496 രൂപ

ഈടാക്കിയ പിഴ : 0

ബാക്കി- 1496 രൂപ

5. <u>പ്രവൃത്തിയുടെ പേര് : ആനയിരുത്തിക്കുളം റോഡ് മെറ്റലിംങ്, ടാറിംങ്</u>

പ്രൊജക്റ്റ് നം :29/17

അടങ്കൽ :217000/-

പി.എ.സി: 2,16,454/-

ചെലവ് : 130374/-

ബിൽ നം : 2/29-9-16

കരാറുകാരൻ : ടി.സുരേന്ദ്രൻ

സെലക്ഷൻ നോട്ടീസ് നൽകിയ തീയതി :രേഖപ്പെടുത്തിയിട്ടില്ല

ടെന്റർ ഭരണസമിതി അംഗീകരിച്ച തീയതി- 26.4.2016 ലെ 1(2) നം. തീരുമാനം

എഗ്രിമെന്റ് വെക്കേണ്ട സമയപരിധി : 17.5.2016

എഗ്രിമെന്റ് വെച്ച തീയതി :6-3-17

ഈടാക്കേണ്ട പിഴ :2,16,454 x 1%=2165 രൂപ

ഈടാക്കിയ പിഴ : 0

ബാക്കി- 2165 രൂപ

6. <u>പ്രവൃത്തിയുടെ പേര് : HMC റോഡ് മെറ്റലിംങ്, ടാറിംങ്</u>

പ്രൊജക്റ്റ് നം :27/17

അടങ്കൽ :313638/-

പി.എ.സി:312865/-

ചെലവ് : 129532/-

ബിൽ നം : 6/28-10-16

കരാറുകാരൻ : ടി.സുരേന്ദ്രൻ

സെലക്ഷൻ നോട്ടീസ് നൽകിയ തീയതി :രേഖപ്പെടുത്തിയിട്ടില്ല

ടെന്റർ ഭരണസമിതി അംഗീകരിച്ച തീയതി- 26.7.2015 ലെ 2 നം. തീരുമാനം

എഗ്രിമെന്റ് വെക്കേണ്ട സമയപരിധി : 16.8.2015

എഗ്രിമെന്റ് വെച്ച തീയതി : 9-9-2015

ഈടാക്കേണ്ട പിഴ :312865/- x 1%=3129 രൂപ

ഈടാക്കിയ പിഴ : 0

ബാക്കി - 3129 രൂപ

7. പ്രവൃത്തിയുടെ പേര് : എക്സസ് ഫെസിലിറ്റി ടു ചാലിശ്ശേരി GLPS

പ്രൊജക്റ്റ് നം :34/17

അടങ്കൽ :238437/-

പി.എ.സി: 238117/-

ചെലവ് : 238117/-

ബിൽ നം : 7/19-11-16

കരാറുകാരൻ : കെ.വി.അജിത്കുമാർ

സെലക്ഷൻ നോട്ടീസ് നൽകിയ തീയതി :രേഖപ്പെടുത്തിയിട്ടില്ല

ടെന്റർ ഭരണസമിതി അംഗീകരിച്ച തീയതി- 3-3-16 ലെ 3(1) നം. തീരുമാനം.

എഗ്രിമെന്റ് വെക്കേണ്ട സമയപരിധി : 24-3-2016

എഗ്രിമെന്റ് വെച്ച തീയതി :31-5-16

ഈടാക്കേണ്ട പിഴ :238117/- x 1%=2381 രൂപ

ഈടാക്കിയ പിഴ : 0

ബാക്കി- 2381 രൂപ

മേൽപറഞ്ഞ പ്രകാരം നഷ്ടം വന്ന തുക 16621/- രൂപ (3266 + 2977 + 1207+ 1496+ 2165+ 3129+ 2381) ബന്ധപ്പെട്ട കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## **3-2** മൃഗ സംരക്ഷണ രംഗത്ത് ഉൽപ്പാദനപരവും

## വൈവിധ്യമാർന്നതുമായ പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടില്ല

ചാലിശ്ശേരി ഗ്രാമ പഞ്ചായത്ത് 2016-17വർഷത്തിൽ മൃഗസംരക്ഷണ രംഗത്ത് വൈവിധ്യമാർന്ന പ്രൊജക്ടുകൾ ഒന്നും തന്നെ നടപ്പിലാക്കിയില്ല.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗ രേഖ ജി.ഒ. ( എം.എസ്. ) 362/13 ത.സ്വ.ഭ.വ. തീ. 16.11.13 -ൽ -അനുബന്ധം -16 -തദ്ദേശ സ്ഥാപനങ്ങളുടെ പന്ത്രണ്ടാം പദ്ധതി സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ – ഖണ്ഡിക 3-2 ൽ മൃഗസംരക്ഷണ രംഗത്ത് നടപ്പാക്കാവുന്ന 14 ഇനം പ്രൊജക്ടുകളെക്കുറിച്ചും ബാധകമായ സബ്സിഡി മാനദണ്ഡങ്ങളെക്കുറിച്ചും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സാധാരണ ജനങ്ങൾക്ക്, അധികം മുതൽ മുടക്കോ, സാങ്കേതിക ജ്ഞാനമോ ആവശ്യമില്ലാതെ തന്നെ ഉപജീവനമാർഗ്ഗത്തിനു വേണ്ടി സ്വീകരിക്കാവുന്ന പദ്ധതികളാണ് മൃഗസംരക്ഷണ രംഗത്ത് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും ജൈവവൈവിധ്യവും ഉപയോഗപ്പെടുത്താവുന്ന തരത്തിൽ അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കാൻ, വിശദമായ പഠനത്തിനു ശേഷം ഉൽപ്പാദനപരമായ പ്രൊജക്ടുകൾ, അതത് രംഗത്തെ വിദഗ്ധരുടെ സഹായത്തോടുകൂടി തയ്യാറാക്കി നടപ്പിലാക്കേണ്ടതുണ്ട്. ചാലിശ്ശേരി പഞ്ചായത്തിന്റെ ഒട്ടേറെ പ്രദേശങ്ങൾ കന്നുകാലി വളർത്തലിനു അനുയോജ്യമാണെന്നിരിക്കെ ഈ മേഖലയെ ഉപയോഗപ്പെടുത്താതിരിക്കുന്നത് പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ സാമ്പത്തിക വളർച്ചയെ ബാധിക്കുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

2016-17 സാമ്പത്തിക വർഷത്തിൽ പ്രത്യേക കന്നുകുട്ടി പരിപാലനവും, കന്നുകാലികൾക്കുള്ള വിരമരുന്ന് വാങ്ങൽ എന്നീ രണ്ടു പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. അതിൽ SLBP – പഞ്ചായത്തിന്റെ നിർവ്വഹണോദ്യോഗസ്ഥൻ നേരിട്ടു നടപ്പിലാക്കുന്നതുമല്ല.

ആയതിനാൽ പഞ്ചായത്തിന്റെ ഭൂപ്രകൃതിക്ക് അനുയോജ്യമാം വിധത്തിലുള്ള പ്രൊജക്ടുകൾ മൃഗസംരക്ഷണ മേഖലയിൽ നിന്നും തയ്യാറാക്കി നടപ്പിലാക്കാൻ പ്രത്യേക പരിഗണന നൽകേണ്ടതിലേക്ക് പഞ്ചായത്ത് ഭരണസമിതി ശ്രദ്ധയുണ്ടാകേണ്ടതുണ്ട്.

## 3-3 സാമൂഹ്യ ആരോഗ്യ കേന്ദ്രം ചാലിശ്ശേരി കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമാക്കേണ്ടതാണ്

(1) 2016-17 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ സാമൂഹ്യ ആരോഗ്യ കേന്ദ്രം ചാലിശ്ശേരി മരുന്ന് വാങ്ങുന്നതിനു വേണ്ടി വികസന ഫണ്ടിൽ

നിന്നും 350000രൂപ പിൻവലിച്ച് മരുന്നിന് വേണ്ടി ചെലവഴിച്ചിട്ടുണ്ട്. ഈ തുകയിൽ, ബിൽ നം 14/16-17 തീ. 22.3.17 പ്രകാരം പിൻവലിച്ച് നൽകിയ 85000 രൂപയുടെ മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല.

ഇത് സംബന്ധിച്ച് 21.06.2017ന് നൽകിയ 6-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി സമർപ്പിച്ച് മേൽ പറഞ്ഞ തുകയുടെ മരുന്നുകൾ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും താമസംവിനാ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 അംഗൻവാടി പോഷകാഹാരം- കേന്ദ്ര വിഹിതം പൂർണ്ണമായി വിനിയോഗിക്കുന്നില്ല

2016-17 വർഷത്തിൽ പൂരക പോഷകാഹാര പരിപാടിയുടെ കേന്ദ്രവിഹിതമായി ബ്ലോക്ക് പഞ്ചായത്ത് മുഖേന ലഭിച്ച തുകയിൽ 1503777 രൂപ നാളിതുവരെ ചെലവഴിക്കാതെ നീക്കിയിരിപ്പായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട്. പഞ്ചായത്ത് സമർപ്പിച്ച രേഖകളുടെ പരിശോധനയിൽ, ഈയിനത്തിൽ 2008-09 വർഷം മുതൽ തുക അവശേഷിക്കുന്നതായി കാണുന്നുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ബാലൻസ് തുക |
|---|---|
| 2008-09 | 416974 |
| 2009-10 | 549317 |
| 2010-11 | 350874 |
| 2011-12 | 300563 |
| 2012-13 | 486637 |
| 2013-14 | 672276 |
| 2014-15 | 893694 |
| 2015-16 | 920241 |
| 2016-17 | 1503777 |

സർക്കുലർ നമ്പർ 39033/ഡി.സി.2/ത.സ്വ.ഭവ തിയതി 3-9-2010 പ്രകാരം പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ ഈയിനങ്ങളിലെ പോരായ്മകൾ പരിഹരിക്കാൻ ടി തുക നാളിതുവരെ

വിനിയോഗിക്കുന്നതിന് പ്രൊജക്ടുകൾ തയ്യാറാക്കപ്പെട്ടിട്ടില്ല.

ആയതിനാൽ മേൽ പറഞ്ഞ തുക സർക്കുലറിൽ നിർദ്ദേശിച്ച ആവശ്യങ്ങൾക്കായി ഫലപ്രദമായി വിനിയോഗിക്കുവാനുള്ള ഊർജിത ശ്രമം പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടതുണ്ട്.

## 3-5 ഭവനം റിപ്പയർ പ്രൊജക്ടുകൾ- പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തിൽ ഭവനം പുനരുദ്ധാരണത്തിനു വേണ്ടി മൂന്ന് പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | പ്രൊജക്ട്നമ്പർ | അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 13/17- ഭവനം റിപ്പയർ ( പുതിയത്) | 900000 | 888000 |
| 2 | 73/17- ഭവനം റിപ്പയർ (സ്പിൽ ഓവർ- 15-16) | 200000 | 120000 |
| 3 | ഭവനം റിപ്പയർ വനിത ( 15-16) | 140000 | 135000 |
| | ആകെ | | 1143000 |

സ്പിൽ ഓവർ ഉൾപ്പെടെ മേൽ പറഞ്ഞ വിഭാഗങ്ങളിലായി 1143000 രൂപ ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് നൽകിയ അലോട്ടമെന്റിന്റെ സിംഹഭാഗവും വീട് റിപ്പയർ പ്രൊജക്ടുകൾക്കാണ്, വിനിയോഗിച്ചിട്ടുള്ളത്.

വർഷങ്ങളായി പഞ്ചായത്തുകൾ വീട് റിപ്പയർ / പുനരുദ്ധാരണം പ്രൊജക്ടുകൾക്കു വേണ്ടി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാറുള്ളതിനാൽ, ഈ രംഗത്ത്, ഇരട്ടിപ്പ്, സർക്കാർ ഫണ്ടിന്റെ ദുരുപയോഗം, പാഴ്ചെലവ് എന്നിവ തടയുന്നതിനു വേണ്ടി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. അതിൽ പ്രധാനപ്പെട്ട രണ്ട് ഉപാധികൾ താഴെ പറയുന്നവയാണ്.

1. വീട് വാസയോഗ്യമാണെങ്കിലും അറ്റകുറ്റപ്പണികൾ അനിവാര്യമാണെന്ന് ഉറപ്പു വരുത്തിയിരിക്കണം.
2. എൽ.എസ്.ജി.ഡി. എഞ്ചിനീയർ/ഓവർസിയർ അളവെടുത്ത ശേഷമായിരിക്കണം സബ്സിഡി നൽകേണ്ടത്.

പൊതു ഫണ്ട് ദുരുപയോഗം ചെയ്യപ്പെടുന്നില്ല എന്നുറപ്പു വരുത്തുന്നതിൽ നിർണ്ണായക പങ്കു വഹിക്കുന്ന ഈ രണ്ട് ഉപാധികളും മേൽ പറഞ്ഞ പ്രൊജക്ടുകളുടെ നടത്തിപ്പിൽ പാലിക്കപ്പെട്ടിട്ടില്ല. തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ വാസഗൃഹങ്ങൾ 8 വർഷത്തിനുള്ളിൽ നിർമ്മിക്കപ്പെട്ടതല്ലെന്നും, അറ്റകുറ്റപ്പണികൾ അനിവാര്യമാണെന്നും, നിർവ്വഹണോദ്യോഗസ്ഥനോ, മറ്റേതെങ്കിലും അധികാര സ്ഥാപനങ്ങളോ റിപ്പോർട്ട് ചെയ്യുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾ

തൊട്ടു മുമ്പുള്ള വർഷങ്ങളിൽ ഈയിനത്തിൽ ധനസഹായം കൈപ്പറ്റിയിട്ടില്ല എന്ന് ഉറപ്പു വരുത്തുന്നുള്ള സംവിധാനം നിലവിലില്ല.

സാങ്കേതികോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്ന മൂല്യനിർണ്ണയ സാക്ഷ്യപത്രം എല്ലാ ഗുണഭോക്താക്കൾക്കും ഒരു നിശ്ചിത രൂപത്തിലുള്ള ഫോറത്തിന്റെ അനേകം പകർപ്പുകൾ മാത്രമാണ്. കമ്പ്യൂട്ടറിൽ തയ്യാറാക്കിയ നിർണ്ണയ സാക്ഷ്യപത്രത്തിൽ പേരും വിലാസവും മാത്രമാണ് മാറുന്നത്. പലപ്പോഴും ചെലവഴിച്ചതായി രേഖപ്പെടുത്തുന്ന തുകകൾ പലർക്കും ഒരേ തുകകൾ തന്നെയാണ്. മാത്രമല്ല, ഗുണഭോക്താവ് ചെയ്ത അറ്റകുററപ്പണികളുമായി ബന്ധപ്പെട്ട്, മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അളവെടുക്കുകയോ അത് രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. എത്തിച്ചേരുന്ന അളവിന്റെ അടിസ്ഥാനത്തിലല്ല മൂല്യനിർണ്ണയം നടത്തുന്നത്. നിർവ്വഹണോദ്യോഗസ്ഥൻ പൂരിപ്പിച്ചു നൽകുന്ന സാക്ഷ്യപത്രത്തിൽ സാങ്കേതികോദ്യോഗസ്ഥൻ ഒപ്പും മുദ്രയും രേഖപ്പെടുത്തുകയാണ് ചെയ്തു വരുന്നതെന്ന് രേഖകളുടെ പരിശോധനയിൽ നിന്നും മനസ്സിലാകുന്നു.

വനിതാ ഘടക പദ്ധതിയിൽ തയ്യാറാക്കപ്പെടുകയും നിർവ്വഹിക്കപ്പെടുകയും ചെയ്യുന്ന പ്രൊജക്ടുകൾ പൊതുവായി ഗുണം ചെയ്യുന്ന പ്രൊജക്ടുകളായിരിക്കരുതെന്ന്പദ്ധതി മാർഗ്ഗരേഖ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വനിതകൾക്ക് വീട് റിപ്പയർ എന്ന പ്രൊജക്ട് പദ്ധതി മാർഗ്ഗ രേഖാ നിർദ്ദേശങ്ങൾ ലംഘിച്ച് വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തിയാണ് നിർവ്വഹിക്കപ്പെട്ടിരിക്കുന്നത്. ഇത് സംബന്ധിച്ച് 20.06.2017-ന് നൽകിയ 3-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് വി.ഇ.ഒ. മറുപടി സമർപ്പിച്ചിട്ടില്ല.

മേൽപറഞ്ഞ അപാകതകൾ ആവർത്തിക്കുന്നില്ലെന്നും, പദ്ധതി നടത്തിപ്പ് പദ്ധതി മാർഗ്ഗരേഖയ്ക്ക് അനുസൃതമാണെന്നും ഉറപ്പു വരുത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്

31-3-2017 ന് തിരികെനൽകാൻ അവശേഷിക്കുന്ന ഡെപ്പോസിറ്റ് തുകകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു. (അക്കൗണ്ട് നം 340100101)

EMD ( കരാറുകാർ)

| വർഷം | തുക |
|---|---|
| 2011-12 | 72302 |
| 2012-13 | 53452 |
| 2013-14 | 50152 |

| | |
|---|---|
| 2014-15 | 57027 |
| 2015-16 | 44777 |
| 2016-17 | 179019 |
| ആകെ | 456729 |

EMD ( ഉൽപ്പന്ന- സേവനദാതാക്കൾ)

(അക്കൗണ്ട് നം 340100102)

| വർഷം | തുക |
|---|---|
| 2011-12 | 19500 |
| 2012-13 | 18250 |
| 2013-14 | 40126 |
| 2014-15 | 63538 |
| 2015-16 | 29375 |
| 2016-17 | 60575 |
| ആകെ | 231364 |

EMD ( ലേലം)

(അക്കൗണ്ട് നം 340100103)

| വർഷം | തുക |
|---|---|
| 2015-16 | 11070 |
| 2016-17 | 5750 |
| ആകെ | 16820 |

സെക്യൂരിറ്റി ഡെപ്പോസിറ്റ് ( കരാറുകാർ)

(അക്കൗണ്ട് നം 340100201)

| വർഷം | തുക |
|---|---|
| 2011-12 | 211950 |
| 2012-13 | 211950 |
| 2013-14 | 218700 |
| 2014-15 | 218700 |
| 2015-16 | 206200 |
| 2016-17 | 216030 |
| ആകെ | 1283530 |

(അക്കൗണ്ട് നം 340100202)

സെക്യൂരിറ്റി ഡെപ്പോസിറ്റ് ( ഉൽപ്പന്ന- സേവന ദാതാക്കൾ)

| വർഷം | തുക |
|---|---|
| 2011-12 | 14000 |
| 2012-13 | 10000 |
| 2013-14 | 29888 |
| 2014-15 | 29888 |
| 2015-16 | 25750 |
| 2016-17 | 100070 |
| ആകെ | 209596 |

(അക്കൗണ്ട് നം 340100203)

സെക്യൂരിറ്റി ഡെപ്പോസിറ്റ് ( ലേലം )

| വർഷം | തുക |
|---|---|
| 2015-16 | 5500 |
| 2016-17 | 7750 |
| ആകെ | 13250 |

കാലപരിധിക്കുശേഷവും തിരികെനൽകാൻ അവശേഷിക്കുന്ന ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ( KFC ആർട്ടിക്കിൾ 282 കാണുക)

## 3-7 ഹോമിയോ മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം

2016-17 സാമ്പത്തിക വർഷത്തിൽ ഹോമിയോ ഡിസ്പെൻസറി, ചാലിശ്ശേരി മരുന്ന് വാങ്ങുന്നതിനു വേണ്ടി വികസന ഫണ്ടിൽ നിന്നും 350000 രൂപ പിൻവലിച്ച് (ബിൽ നം 1/16-17 തീ. 30.11.16), ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ആകെ 66170 രൂപയുടെ മരുന്ന് മാത്രമാണ് ഹോംകോ വിതരണം ചെയ്തിട്ടുള്ളത്. ഇനിയും 283830 രൂപയുടെ മരുന്ന് ലഭിക്കാനുണ്ട് എന്ന് രേഖകൾ പരിശോധിച്ചപ്പോൾ കാണുന്നു. ഇത്രയും രൂപയുടെ മരുന്ന് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 എസ്.എസ്. എ. വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല

ഹെഡ് മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി എസ്.എസ്.എക്ക് 2016-17 ൽ രണ്ട് പദ്ധതികളിലായി കൈമാറിയ താഴെ പറയുന്ന തുകകൾക്ക് സർക്കാർ ഉത്തരവ് അനുശാസിക്കുന്ന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്ര.നം | പദ്ധതി നമ്പർ/അടങ്കൽ | ട്രഷറി ബിൽ നമ്പർ/തിയതി | തുക |
|---|---|---|---|
| 1 | 10/17 SSA ( പൊതുവിഭാഗം) 600000 രൂപ | 1/27-3-2017 | 600000രൂപ |
| 2 | 11/16-17/ SSA (എസ്.സി വിഭാഗം) 300000 രൂപ | 2/27-3-2017 | 300000രൂപ (SCP) |
| | | ആകെ | 900000 |

വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ എസ്.എസ്.എ വിനിയോഗത്തിനായി നൽകിയ മുഴുവൻ തുകയും ചാലിശ്ശേരി ഗ്രാമപഞ്ചായത്തിലുൾപ്പെട്ട പൊതുവിദ്യാലയങ്ങളിൽ നിർദ്ദിഷ്ട ആവശ്യങ്ങൾക്കു തന്നെയാണ് ഉപയോഗിച്ചിരിക്കുന്നതെന്നും വ്യക്തമാക്കേണ്ടതാണ്.

## 3-9 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല

വെറ്ററിനറി സർജ്ജൻ നിർവ്വഹണം നടത്തിയ പ്രത്യേകകന്നുകുട്ടി പരിപാലന പദ്ധതിയുടെ പൂർത്തീകരണ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേരും നമ്പരും | ബിൽ നമ്പരും തുകയും | അക്കൗണ്ട് നമ്പർ | തുക കൈപ്പറ്റിയ ഏജൻസി |
|---|---|---|---|---|
| 1 | 23/17- കന്നുകുട്ടി പരിപാലനം-ജനറൽ | 1/16-17/ 6.3.17<br>300000<br>2/16-17<br>6.3.17<br>100000 | 714021400000008 | അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, പാലക്കാട് |
| ആകെ | | 400000 | | |

# 3-10 THRS ഭക്ഷ്യ മിശ്രിതം- ലാബ് റിപ്പോർട്ട് ലഭിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലെ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങുന്ന ഭക്ഷ്യമിശ്രിതം ഓരോ രണ്ട് മാസത്തിലും ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റേയും സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കുവാനും ഐ.സി.ഡി.എസ്.ബി.3-312/2010 തിയ്യതി 5.6.2010, 1.2.2010 തിയ്യതികളിലെ കത്തുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സർക്കുലറിലെ നിർദ്ദേശ പ്രകാരം നിശ്ചിത സമയ പരിധിയിൽ പരിശോധന നടത്തുകയോ റിപ്പോർട്ട് ലഭ്യമാക്കുകയോ ചെയ്യുന്നില്ല. ആയതിനാൽ ഈ വിഷയത്തിൽ മേൽ പറഞ്ഞ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 3-11 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - തൊഴിലാളികളുടെ കൂലി നല്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചാത്തിന്റെ തൻവർഷത്തെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് പരിശോധനക്ക് വിധേയമാക്കിയതിൽ ഗ്രാമപഞ്ചായത്തിൽ 2016 ഡിസംബർ മുതൽ 2017 മാർച്ച് വരെയുള്ള കാലയളവിൽ ചെയ്ത 323 പ്രവൃത്തികളുടെ കൂലിയിനത്തിൽ ആകെ 10788800/രൂപ നല്കുവാൻ കുടിശ്ശികയുണ്ട്.

തൊഴിലുറപ്പ് പദ്ധതി ആകട് സെക്ഷൻ 3 (3), തദ്ദേശസ്വയംഭരണ വകുപ്പിന്റെ 06.02.15.ലെ സർക്കുലർ നമ്പർ 66791/ഡി.ഡി.2/14, തൊഴിലുറപ്പ് പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പ്രകാരം തൊഴിലാളികൾക്ക് കൂലി ആഴ്ചയിൽ ഒരു ദിവസം നൽകേണ്ടതും ഒരു കാരണവശാലും മസ്റ്റർറോൾ ക്ലോസ്സ് ചെയ്ത തിയ്യതി മുതൽ 15 ദിവസത്തിൽ അധികരിക്കുവാൻ പാടില്ലാത്തതുമാണെന്നും നിശ്ചിത നാൾക്കകം കൂലി

ലഭ്യമാക്കിയില്ലെങ്കിൽ കാലതാമസം വരുന്ന ഓരോ ദിവസത്തിനും 0.05% നിരക്കിൽ നഷ്ടപരിഹാരം നൽകേണ്ടതുമാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാക്കി കൂലി കുടിശ്ശിക കൊടുത്ത് തീർക്കേണ്ടതാണ്.

## 3-12 വാട്ടേജ് കൂടിയ സാധാരണ ബൾബുകൾ മാറ്റി പാഴ് ചെലവു കുറക്കേണ്ടതാണ്

കെ.എസ്.ഇ.ബി യുടെ താരീഫ് രേഖകൾ പ്രകാരം 100 വാട്ടിന്റെ 96 സാധാരണ ബൾബുകൾ പഞ്ചായത്ത് പരിധിയിലുണ്ട്. ആയതിന് വൈദ്യുതി ചാർജിനത്തിൽ പ്രതിമാസം 14880/- വെച്ച് പ്രതിവർഷം 178560/- രൂപ വൈദ്യുതി ബോർഡിന് നൽകുന്നുണ്ട്. എന്നാൽ പർചേസ് രേഖകൾ പരിശോധിച്ചപ്പോൾ കഴിഞ്ഞ വർഷങ്ങളിലൊന്നും സാധാരണ ബൾബുകൾ വാങ്ങിയിട്ടില്ലെന്ന് കണ്ടു. ഒരു സാധാരണ ബൾബിന്റെ ഫിലമെന്റ് (incandescent bulb) ശരാശരി ആയുസ്സ് 1000 മണിക്കൂറിനും 2000 മണിക്കൂറുകൾക്കും ഇടയിലാണ്. ആയതു പ്രകാരം ഒരു ഇലക്ട്രിക്ക് പോസ്റ്റിൽ മാത്രം ഒരു വർഷം ശരാശരി രണ്ടിൽ കൂടുതൽ ബൾബുകൾ മാറ്റേണ്ടി (ആയുസ്സ് പരമാവധിയായ 2000 മണിക്കൂറായി പരിഗണിച്ചാൽ) വരും (അതായത് ഒരു വർഷത്തിൽ മാത്രം 210 ബൾബുകൾ വാങ്ങേണ്ടി വരും). എന്നാൽ ബൾബുകളൊന്നും വാങ്ങാത്തതിനാൽ, തെരുവ് വിളക്കുകൾ പ്രകാശിക്കുന്നുണ്ടോയെന്ന് സംശയകരമാണ്. ഈ ചെലവ് പാഴ് ചെലവായി കാണേണ്ടി വരും. മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി, യഥാർത്ഥത്തിൽ ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രമാണ് കറന്റ് ചാർജ്ജ് ഒടുക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-13 പഞ്ചായത്തിന്റെ ആസ്തികൾ തിട്ടപ്പെടുത്തി സംരക്ഷിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പഞ്ചായത്തിന് സ്വന്തമായുള്ള ഭൂമി സംബന്ധിച്ച് വ്യക്തമായ കണക്കുകൾ ലഭ്യമല്ല. ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാലും വില്ലേജ് ഓഫീസിൽ സ്ഥലത്തിന്റെ കരമടക്കാത്തതിനാലുമാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്. ആസ്തി രജിസ്റ്റർ കാലികമാക്കി, ഭൂമിക്ക് നികുതിയടച്ച് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

പഞ്ചായത്ത് നിലനിൽക്കുന്ന സ്ഥലം മതിൽ കെട്ടി സംരക്ഷിക്കണമെന്ന പഞ്ചായത്ത് ഭരണസമിതിയുടെ 16-2-2017ലെ 13-ാം നമ്പർ തീരുമാനം നടപ്പിലാക്കി പഞ്ചായത്തിന്റെ ആസ്തി സംരക്ഷിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-14 പൊതു ടാപ്പുകളുടെയും തെരുവു വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തി രജിസ്റ്ററുകൾ കാലികമാക്കേണ്ടത്

പഞ്ചായത്ത് പരിധിയിൽ നിലവിലുള്ള തെരുവു വിളക്ക് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന വിളക്കുകളുണ്ട്.

| | |
|---|---|
| സാധാരണ ബൾബ് 100 w | 96 |
| ഫ്ലൂറസെന്റ് ലാമ്പ് 40w | 359 |
| സോഡിയം വേപ്പർ വിളക്ക് 250w | 30 |
| സി.എഫ്.എൽ 22w | 591 |
| ആകെ | 1076 |

ഈ വിളക്കുകൾക്കെല്ലാം കൂടി 57473 രൂപ വൈദ്യുതി ചാർജിനത്തിൽ ഒടുക്കുന്നുണ്ട്. എന്നാൽ വിളക്കുകളുടെ എണ്ണം കാലികമാക്കി മീറ്ററിംഗ് നടത്തണമെന്ന സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്ത് നിരന്തരം ആവശ്യപ്പെട്ടിട്ടും വൈദ്യതി വകുപ്പിന്റെ ഭാഗത്ത് നിന്ന് നടപടി ഉണ്ടായിട്ടില്ല. നിലവിൽ നാലു വാർഡുകളുടെ സംയുക്ത പരിശോധന മാത്രമാണ് നടത്തിയിട്ടുള്ളത്. ഇക്കാര്യം വൈദ്യുതി ബോർഡിന്റെ ഉന്നത ഉദ്യോഗസ്ഥരെയും സർക്കാരിനെയും അറിയിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പൊതുടാപ്പുകളുടെ കാര്യത്തിലും കേരള വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി എണ്ണം തിട്ടപ്പെടുത്തി പ്രവർത്തനക്ഷമമായവയുടെ മാത്രം ചാർജ്ജ് മാത്രമേ അടയ്ക്കുന്നുള്ളുവെന്ന് ഉറപ്പാക്കേണ്ടതാണ്.

# 3-15 വ്യക്തിഗത ഗുണഭോക്താക്കളുടെ ലിസ്റ്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നില്ല

വ്യക്തിഗത ഗുണഭോക്താക്കളുടെ ലിസ്റ്റ് വെബ് സൈറ്റിൽ പ്രസിദ്ധം ചെയ്യണമെന്ന സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല. ഇതുമായി നല്കിയ ഓഡിറ്റന്വേഷണത്തിന് (7/22-6-2017) സെക്രട്ടറി നല്കിയ മറുപടി ഐ.കെ.എം. ഗ്രാമ പഞ്ചായത്തിന് അനുവദിച്ച സ്പേസ് കുറവായത് കൊണ്ടാണെന്നും ഇക്കാര്യം ചൂണ്ടിക്കാട്ടി കത്ത് നൽകിയിട്ടുണ്ടെന്നുമാണ്. ഈ അപാകത അടിയന്തിരമായി പരിഹരിക്കേണ്ടതാണ് .

# 3-16 തെരുവു വിളക്ക് റിപ്പയർ - അപാകതകൾ

ബിൽ നമ്പർ 51600910/8-2-2017 തുക - 120255

പദ്ധതി നമ്പർ 05/17 -തെരുവു വിളക്ക് റിപ്പയർ

അടങ്കൽ 484200/- (തനതു ഫണ്ട്)

പഞ്ചായത്ത് ഭരണസമിതിയുടെ 27-10- 2016 ലെ 3(1) നമ്പർ തീരുമാന പ്രകാരം ശ്രീ.അബ്ദുൾ റഹ്മാന്റെ 481020/- രൂപയുടെ കരാറുടമ്പടി അംഗീകരിച്ചിട്ടുണ്ട്.

ഈ പ്രവൃത്തിയിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ തെരുവ് വിളക്ക് റിപ്പയർ സംബന്ധിച്ച സർക്കുലർ പ്രകാരം താഴെ പറയുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.

1. തെരുവ് വിളക്ക് രജിസ്റ്ററില്ല (എണ്ണം,ഇനം, പോസ്റ്റ് നമ്പർ സഹിതം)
2. പരാതി രജിസ്റ്ററിൽ പോസ്റ്റ് നമ്പർ, ഇനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
3. ഏതൊക്കെ വിളക്കുകൾ നേരാക്കി എന്നത് തെളിയിക്കുന്ന വൈദ്യുതി വകുപ്പ് എൻജിനീയറുടെ സാക്ഷ്യപത്രം ഇല്ല.

ഭാവിയിൽ ഇത്തരം അപാകതകൾ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഭാവിയിൽ ചെലവ് ചെയ്ത തുക നിരാകരിക്കുന്നതാണ്.

## 3-17 സി.ഡി.എസ്.അക്കൌണ്ടിൽ ചെലവഴിക്കാതെ കിടക്കുന്ന തുകകൾ നാളിതു വരെ തിരിച്ചടച്ചിട്ടില്ല

മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ച, കുടുംബശ്രീ അക്കൗണ്ടിൽ ചെലവഴിക്കാതെ കിടക്കുന്ന തുകകൾ അടിയന്തിരമായി കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

| | |
|---|---|
| 1. ജില്ലാ പഞ്ചായത്ത് (സ്ഥലം) | 220000 |
| 2. ജില്ലാ പഞ്ചായത്ത് (വീട്) | 20000 |
| ആകെ | 240000 |

## 3-18 ജനറേറ്ററിന്റെ ഇന്ധന ഉപയോഗത്തിന് ലോഗ് ബുക്ക് സൂക്ഷിക്കേണ്ടതാണ്

പഞ്ചായത്ത് ഓഫീസിൽ ഉപയോഗിക്കുന്ന ജനറേറ്ററിന്റെ ഇന്ധന ഉപയോഗത്തിന് ലോഗ് ബുക്ക് സൂക്ഷിച്ചിട്ടില്ല. ആയത് ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി ഓഡിറ്റിന് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 3-19 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സോഷ്യൽ സെക്യൂരിറ്റി മിഷന് so 128/17 നമ്പർ പദ്ധതി പ്രകാരം നൽകിയ 282759 രൂപ (plan cfc bill no.51601032/16-3-2017 തുക 107361, പ്ലാൻ ജനറൽ ബിൽ 51601031/16-3-17 തുക 175398/-)

തെരുവ് നായ നിയന്ത്രണം പദ്ധതി (20/16) പ്രകാരം ജില്ലാ പഞ്ചായത്തിന് നൽകിയ 350000/- രൂപ (ബിൽ നമ്പർ 51601678/ 22-11-16) എന്നീ ചെലവുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്/നം. | ചെലവ് | ബാക്കി |
|---|---|---|---|---|
| 2016-17 | 315000(ജില്ലാപഞ്ചായത്ത് വിഹിതം) | കർഷകർക്ക ഉഴവുകൂലി (പ്രോജ.നം.108/17) | 315000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം ഡെപ്പോസിറ്റ് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് തുകയൊന്നും നൽകിയിട്ടില്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഒന്നുമില്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| ഉദ്ദേശം | ഉത്തരവ് | വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| മിനിസിവിൽ സ്റ്റേഷൻ കെട്ടിട നിർമ്മാണം | KURDFC/A2 /161/08 dt.24.7.10 | 880000 | 125716 | 22355 | 157133 |
| | KURDFC/GP /2313/08 dt.17.10.11 | 956000 | 136572 | 27524 | 204854 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത്/ചലാൻ നം. തിയ്യതി |
|---|---|---|---|---|
| 2013-14 2014-15 | 3-11 | 31698 | AE, LSGD | Ch no.78 dt.14.6.16 |
| ---do--- | 3-12 | 43987 | AE, LSGD | 11601500011/12.7.16 |
| ---do--- | 3-8 | 14849 | കൃഷി ഓഫീസർ | Ch no.16 dt.3.8.16 |
| ---do--- | 2-2 | 3000 | കാംപ്കോ ലിമിറ്റഡ് | 11601101396/5.8.16 |
| 2015-16 | 2-2 | 1500 | സെക്രട്ടറി | 11601105579/20.3.17 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം/ | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 3-4(1) | 2006-07 | 3.68.1 | മൊബിലൈസേഷൻ അഡ്വാൻസ് വാങ്ങി പണി പൂർത്തിയാക്കാത്തത് (കൊല്ലഴിപ്പറമ്പ് കോളണി റോഡ്) | അന്തിമ തീരുമാനമായിട്ടില്ല |
| ---do--- | 3-4(2) | 2006-07 | --do-- | --do—(നരിമട-പടാട്ടുകുന്ന് റോഡ് | --do-- |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 41321100 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 37918951 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 16621/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1300000/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 16621 | ശ്രീ.കെ.ജി.സൂര്യൻ, അസി.എഞ്ചിനീയർ |
| ആകെ | 16621 | |

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 900000 | ശ്രീ.ജോർജ്.ടി.സി, ഹെഡ്മാസ്റ്റർ |
| 3-9 | 400000 | ഡോ.എം.ബി.രാജേഷ്, വെറ്ററിനറി സർജൻ |
| ആകെ | 1300000 | |

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.കെ.ജി.സൂര്യൻ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, പട്ടിത്തറ ഗ്രാമപഞ്ചായത്ത് | കരിയാട്ട് വീട്, ചിയ്യാരം(പി.ഒ) തൃശ്ശൂർ ജില്ല 680026 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LFP6/380/2000/16.6.2000 | പുനരഭിപ്രായക്കുറിപ്പ് |
| 1997-98 | LFP6/384/2000/6.9.2000 | -ടി- |
| 1998-99 | LFP9/502/2002/17.6.2002 | -ടി- |
| 1999-2000 | LFP9/503/2002/17.6.2002 | -ടി- |
| 2000-01 | LFP11/544/05/23.1.2006 | -ടി- |
| 2001-02 | LFP11/530/06/12.9.2006 | -ടി- |
| 2002-03 | LFP11/1192/07/27.6.2008 | -ടി- |
| 2003-04 | LFP11/1193/07/27.6.2008 | -ടി- |
| 2004-05 | LFP11/1194/07/27.6.2008 | -ടി- |
| 2005-06 | LFP11/1195/07/27.6.2008 | -ടി- |
| 2006-07 | LFP11/198/09/11.12.2009 | -ടി- |
| 2007-08 | LFP9/199/09/11.12.09 | -ടി- |
| 2008-09<br>2009-10<br>2010-11 | LFP20/2409/12/23.3.13 | -ടി- |
| 2011-12 | LFP20/1277/14/10.10.14 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 | LFP20/223/15/6.4.15 | -ടി- |
| 2013-14<br>2014-15 | KSA-PKD20/959/16/22.6.16 | -ടി- |
| 2015-16 | KSA-PKD20/2288/16/31.1.17 | -ടി- |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൽ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# **1**

## അനുബന്ധം

നം.കെ.എസ്.എ-പികെഡി20/1226/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി – 11.08.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ ചാലിശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 31.3.17 ൽ അവസാനിച്ച ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചാലിശ്ശേരി ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ 2016-2017 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്- ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടിഡയറക്ടർ

ന്യൂനതാ സംഗ്രഹം -വാർഷിക ധനകാര്യപത്രിക – 2016-17

1. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറ്റുന്നതിന് തൊട്ടു മുമ്പുള്ള മാർച്ച് 31 തീയ്യതിയിലെ സ്ഥാവര -ജംഗമ ആസ്തികളുടെ മൂല്യത്തോടൊപ്പം തുടർ വർഷങ്ങളിലെ ആസ്തികളുടെ മൂല്യം ചേർത്ത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD20/1226/2017

Kerala State Audit Department
District Audit Office
Palakkad
Dated-11.08.2017

CERTIFICATE

Certified that I have examined the Annual Financial Statement of CHALISSERI GRAMA PANCHAYATH for the year ended 31.03.17 in Palakkad District in accordence with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the giudlines issued by the Camptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

In my opinion the financial statements of CHALISSERI GRAMA PANCHAYATH prepared for the year 2016-2017 properly presents the picture of income, expenditure and closing balance except the defects pointed in this certificate.

Deputy Director

Abstract of defects-A.F.S 2016-17

1. The shedule B-11 in the balance sheet inconnection with the value of Assets is not Up-dated.

Deputy Director